# പരിസ്ഥിതി

നാം അധിവസിക്കുന്ന നിറയെ പ്രത്യേകതകളുള്ള ഭൂപ്രകൃതിയുള്ള സ്ഥലങ്ങളേയും അവയുടെ നിലനില്പിനേയും ചേർത്താണ് നാം പരിസ്ഥിതി എന്ന് പറയുന്നത്. നിറയെ കല്പവൃക്ഷങ്ങളും വയലുകളും ഫലവൃക്ഷങ്ങളും നിറഞ്ഞ പറമ്പുകൾ ഉള്ള ഇടമായിരുന്നു നമ്മുടെ സ്വന്തം എന്നറിയപ്പെടുന്നന്ന കേരളം. എന്നാൽ ഇന്ന് വയലുകൾ പകുതിയും അപ്രത്യക്ഷമായിരിക്കുന്നു. തെങ്ങുകൾ ഉണങ്ങിക്കരിഞ്ഞു നിൽക്കുന്നു. ഒരു പറമ്പിലും വൃക്ഷങ്ങൾ കാണാൻ കിട്ടാതായിരിക്കുന്നു. എന്തിന് വിള നിലങ്ങൾ കൂടി ഇല്ലാതായിരിക്കുന്നു. മഴ പെയ്താൽ പുഴ കവിയുന്നൊരു അവസ്ഥ ഉണ്ടായിരുന്നു. എന്തുകൊണ്ടാണ് ഇന്ന് അങ്ങനെയൊരു സ്ഥിതി വരാത്തത്? ഈ ചോദ്യങ്ങൾക്കെല്ലാം അവസാനം നാം എത്തിനിൽക്കുന്നിടമാണ് അന്തരീക്ഷമലിനീകരണം എന്ന ഭീമാകാരമായ പ്രശ്നം.

ഒരു ദിവസം ആരംഭിക്കുന്നിടത്തുനിന്ന് തുടങ്ങുന്നു “മലിനീകരണം” എന്ന പ്രവർത്തനം. നാം ഉപയോഗിക്കുന്ന പേസ്റ്റ്, സോപ്പ്, ലോഷൻ, എയർ കണ്ടീഷണർ, റഫ്രിജറേറ്റർ എന്നീ മാറ്റിവയ്ക്കാനാകാത്ത പലതും കുറെശ്ശെയായി നമ്മുടെ പരിസ്ഥിതിയെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇവയൊക്കെ ഭൂമിയുടെ അന്തരീക്ഷത്തെ നശിപ്പിക്കുന്നു. നാം സാധന സാമഗ്രികൾ കടയിൽ നിന്ന് വാങ്ങുന്നു. വാങ്ങുന്ന സാധനങ്ങൾ ടിന്നുകളിൽ അടച്ചുവെയ്ക്കുന്നു. ബാക്കിയാകുന്ന പ്ലാസ്റ്റിക്ക് കവറുകൾ കത്തിക്കുന്നു. മണ്ണിനൊപ്പം ഇവ ലയിച്ചു ചേരാതെ ഒരു ആവരണമായി മണ്ണിൽ കിടക്കുന്നു. മഴ ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നത് തടയുന്ന ഇവ വെള്ളത്തെ ഭൂമിയുടെ ഉപരിതലത്തിലേക്ക് ഒഴുകിയകറ്റുന്നു. മണ്ണിൻറെ ഫലഭൂയിഷ്ഠത നഷ്ടമാക്കുന്നതിനൊപ്പം പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ നിറയുന്നു. ഫാക്ടറികൾ നമ്മുക്ക് പുരോഗമനം നൽകുന്നു എന്ന് നാം കരുതുന്നു. ശരിയാണ്, എന്നാൽ ഫാക്ടറികളിലെ നിർമ്മാണ

പ്രവർത്തനങ്ങളിൽ പുറംതള്ളുന്ന മാലിന്യങ്ങൾ പുഴകളിലും തോടുകളിലും തുറന്ന് വിടുമ്പോൾ വിഷാംശം കലങ്ങുന്ന ജലം പ്രകൃതിയിലെ ജീവജാലങ്ങളിൽ അതിജീവനത്തിന്റെ സാധ്യതകൾ കുറയ്ക്കുകയും പ്രകൃതിയുടെ സംതുലിതാവസ്ഥയെ തകിടം മറിക്കുകയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ നിന്നു ഒഴുകിയിറങ്ങുന്ന രാസവളങ്ങളുടെ വ്യാപനം മൂലം ഉപരിതല ജലസ്രോതസുകളായ കുളങ്ങളും നദികളും കായലുകളും എല്ലാം പായൽ നിറഞ്ഞു. ഇതോടെ മത്സ്യസമ്പത്ത് നശിക്കാൻ തുടങ്ങി. വയലുകൾ വിളനല്കാനാവാത്ത പാഴ്നിലങ്ങളായി. ജീവന് ആധാരമായ വായുവിൻറെ മലിനിനീകരണം നാൾക്കുനാൾ കൂടി വരുന്നു.

നമ്മുടെ പരിസ്ഥിതി സംരക്ഷിക്കണമെന്ന് ആത്മാർഥമായി നമുക്ക് താല്പര്യം ഉണ്ടെങ്കിൽ നാം ഓരോരുത്തരും പ്രകൃതിയിലേക്ക് തിരിച്ച് വരേണ്ടത് അത്യാവശ്യമാണ്. ചുരുങ്ങിയത് നമ്മുടെ വീടും പരിസരമെങ്കിലും പ്ലാസ്റ്റിക്ക് വിമുക്തമാക്കുക. മരങ്ങളും ചെടികളും വെച്ച്പിടിപ്പിക്കുക. കൃത്രിമ സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുക. രാസവളങ്ങളുടെ ഉപയോഗം തിർത്തും ഒഴിവാക്കി മണ്ണിന്റെ മഹത്വം തിരിച്ചറിഞ്ഞ് മണ്ണിൽ പൊന്നുവിളയിക്കുന്നവരായിമാറണം നമ്മൾ. പ്രകൃതിവിഭവങ്ങളെ ആവശ്യത്തിന് മാത്രം ചൂഷണംചെയ്ത് പ്രകൃതിയുടെ സംതുലിതാവസ്ഥ താളം തെറ്റാതെ നോക്കണം. നല്ല അന്തരീക്ഷത്തിലേ, നല്ല സമൂഹവും നല്ല പരിസ്ഥിതിയോട് കൂടിയ ആവാസ വ്യവസ്ഥയും ലഭിക്കുകയുള്ളു. ആ ലക്ഷ്യത്തിനായി നമ്മുക്ക് ഓരോരുത്തർക്കും ആത്മാർഥമായി പരിശ്രമിക്കാം.

**Rosemary Jaise**

**STD V C**